# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: **02.10.2021** മുതൽ **06.10.2021**വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി. 79/2021 | തീയ്യതി: 01/10/2021 |
|---|---|

എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 54.2 | 30.0 – 31.0 | 23.0 – 25.5 | 78 - 96 | 03 - 05 |

ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 02-10-2021 | 03-10-2021 | 04-10-2021 | 05-10-2021 | 06-10-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 5 | 5 | 5 | 10 | 5 |
| കൂടിയ താപനില, °C | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 97 | 97 | 97 | 97 | 97 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 12 | 10 | 10 | 8 | 12 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 290 | 290 | 250 | 250 | 200 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

സി. കാർഷിക നിർദ്ദേശങ്ങൾ

| | **അഞ്ചു ദിവസങ്ങളിൽ ശക്തികുറഞ്ഞ മഴ ലഭിക്കും** |
|---|---|
| **പൊതു നിർദ്ദേശങ്ങൾ** | പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപ നിലിയും അനുഭവപ്പെടും. ഉയർന്ന അന്തരീക്ഷ ആർദ്രതയും അനുഭവപ്പെടും<br>**വിസ്തൃത മഴ പ്രവചനം: അടുത്തയാഴ്ചയിൽ ശരാശരിമഴയുണ്ടാകും.**<br>വാഴ പോലുള്ള മൃദുകാണ്ഡവും എളുപ്പത്തിൽ മറിഞ്ഞു വീഴുന്നതുമായ വിളകൾക്ക് താങ്ങുകൾ നൽകി സംരക്ഷിക്കും<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക<br>ഇപ്പോഴത്തെ കാലാവസ്ഥ തെങ്ങിൽ കൂമ്പു ചീയൽ, വാഴയിൽ പനാമ വാട്ടം കുരുമുളകിന് ദ്രുത വാട്ടം ഇഞ്ചിയിലും മഞ്ഞളിലും മൂട് ചീയൽ, കവുങ്ങിൽ മഹാളി എന്നീ രോഗങ്ങൾ പടരുവാൻ സാഹചര്യമാകും. ജാഗ്രത പുലർത്തുക |

| | | | |
|---|---|---|---|
| നെല്ല്<br><br>രണ്ടാം വിള (മുണ്ടകൻ) | ഞാറ് പറിച്ചു നടുന്നതിനു തൊട്ടു മുമ്പേ വേര് പ്സ്യൂഡോമോണാസ് ലായനി(20ഗ്രാം പ്സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ)ൽ അര മണിക്കൂർ മുക്കി വെക്കുക. ഇത് നെല്ല് കരുത്തോടെ വളരുന്നതിന് സഹായകമാകും. | | |
| ശീത കാല പച്ചക്കറികൾ | നിലം നന്നായി ഉഴുതെടുക്കുക. മണ്ണ് പരിശോധിച്ചതിനു ശേഷം ആവശ്യമായ അളവിൽ കുമ്മായം/ഡോളമേയ്റ്റ് ചേർത്ത് കൊടുക്കണം. ഇത് മണ്ണിലെ അമ്ലത്വം ലഘൂകരിക്കുന്നതിനു പുറമെ മണ്ണ് ജന്യ രോഗങ്ങളെയും കീടങ്ങളെയും നിയന്ത്രിക്കുന്നതിന് സഹായകരമാകും. | | |
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പ്ചീയൽ  | കൂമ്പുചീയൽ ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് കടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക. സമീപത്തുള്ള തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഒലക്കവിളുകളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക.<br><br>ദുർബല മേഖലകളിൽ, തെങ്ങുകളുടെ പ്രതിരോധ ശേഷി ഉയർത്താൻ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടുന്ന സമഗ്ര പോഷക മൂലക പരിപാലനം ഉണ്ടായിരിക്കണം. |
| തെങ്ങ് | വിവിധ ഘട്ടം | ഇല ചീയൽ  | ഉണങ്ങിയ കുലകൾ നീക്കം ചെയ്യുക. ഇവയും ഇതോടൊപ്പം ചീച്ചൽ ബാധിച്ചു വീഴുന്ന നാളികേരവും പൂർണമായും നശിപ്പിക്കുക. പാകമായ തേങ്ങകൾ പറിച്ചെടുക്കുക. ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക. അല്ലെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്നാ തോതിൽ കലർത്തി തയ്യാറാക്കി ഇലകളിലും കുലകളിലും തളിക്കുക തളിക്കുക.<br>രണ്ടാഴ്ച്ചയ്ക്കു ശേഷം ബോറാക്സ് ഒരു ലിറ്റർ വെള്ളത്തിൽ 3 ഗ്രാം എന്നാ തോതിൽ കലർത്തി ഇലകളിലും കുലകളിലും തളിക്കുക |
| തെങ്ങ് | കായ്ക്കുന്നവ | കുമിൾ രോഗ മച്ചിങ്ങാ പൊഴിച്ചൽ  | |

| | | | |
|---|---|---|---|
| കുരുമുളക് | വിവിധ ഘട്ടം | ഗാളീച്ച  | ഡൈമെത്തോയേറ് (2മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. |
| ഇഞ്ചി, | വിവിധ ഘട്ടം | ഇല വാട്ടം  | കാർബെണ്ടാസിം (2 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ) തളിക്കുക. |
| മഞ്ഞൾ | വിവിധ ഘട്ടം | മഞ്ഞൾ തടതുരപ്പൻ  | ഡൈമെത്തോയേറ് (2മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. |
| വാഴ | വിവിധ ഘട്ടം | പനാമ വാട്ടം  | രോഗം വരാതിരിക്കാനുള്ള മുൻകരുതലുകൾ:<br>നടുന്നതിനു മുൻപേ വാഴക്കന്നുകൾ കാർബെണ്ടാസിം (2 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ) ലായനിയിൽ ഇരുപതു മിനിറ്റു നേരം മുക്കിവെക്കുക.<br>വാഴത്തടത്തിൽ പ്സ്യൂഡോമോണാസ് (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) ലായനി കുതിർക്കുക<br>രോഗം പ്രത്യക്ഷപ്പെട്ടാൽ:<br>രോഗം ബാധിച്ച വാഴകൾ പിഴുതു കളഞ്ഞു കുഴികളിൽ ഒരു കിലോഗ്രാം വീതം കുമ്മായം വിതറുക. പിഴുത വാഴകൾ തോട്ടത്തിൽ തന്നെ ഇടരുത്.<br>ചുറ്റുമുള്ള വാഴകളുടെ തടത്തിൽ കാർബെണ്ടാസിം (2 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) ലായനി കുതിർക്കുക. പ്രൊപിക്കണോസോൾ (ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) ഇലകളിൽ തളിക്കുക |
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം  | രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. കുമിൾനാശിനിയായ പ്രോപീകൊണസോൾ തളിക്കുക. |

| | | | |
|---|---|---|---|
| കശുമാവ് | പുഷ്പിക്കുന്ന ഘട്ടം | തേയിലക്കൊതുക്  | ക്വിനാൽഫോസ് 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി